**മധുരമായ കുട്ടികളേ - ഇപ്പോൾ നിങ്ങൾ സംഗമയുഗത്തിലാണ് നിങ്ങൾക്ക് പഴയ ലോകത്തോടുളള ബന്ധത്തെ ഉപേക്ഷിക്കണം, എന്തുകൊണ്ടെന്നാൽ ഈ പഴയ ലോകം ഇപ്പോൾ നശിക്കാനുളളതാണ്.**

**ചോദ്യം:-** സംഗമയുഗത്തിലെ ഏതൊരു വിശേഷതയാണ് മുഴുവൻ കല്പത്തിലും വെച്ച് വേറിട്ടത്?
**ഉത്തരം:-** സംഗമത്തിലെ വിശേഷതയാണ് - പഠിക്കുന്നത് ഇവിടെയാണെങ്കിലും പ്രാപ്തി അനുഭവിക്കുന്നത് ഭാവിയിലാണ്. മുഴുവൻ കല്പത്തിലും അടുത്ത ജന്മത്തിൽ പ്രാപ്തി ലഭിക്കുന്ന വിധത്തിലുളള പഠിപ്പ് പഠിപ്പിക്കുന്നില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ അമരലോകത്തേക്കു വേണ്ടി മൃത്യുലോകത്തിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. മറ്റാരും തന്നെ അടുത്ത ജന്മത്തേക്കു വേണ്ടി പഠിക്കുന്നില്ല.

**ഗീതം:-** ദൂരദേശത്തിൽ വസിക്കുന്നവനേ.......

**ഓം ശാന്തി.** ദൂരദേശത്തിൽ വസിക്കുന്നതാരാണ്? ഇതാർക്കും തന്നെ അറിയില്ല. ഭഗവാന് തന്റേതായ ദേശമില്ലാത്തതു കൊണ്ടാണോ പരദേശത്തിലേക്ക് വന്നത്? ബാബ തന്റെ സ്വന്തം ദേശത്തിലേക്ക് വരുന്നില്ല. ഇത് രാവണന്റെ പരദേശമല്ലേ. എന്താ ശിവബാബ തന്റെ ദേശത്തിലേക്ക് വരുന്നില്ലേ? ശരി, രാവണന്റെ പരദേശമേതാണ്? സ്വദേശമേതാണ്? ശിവബാബയുടെ സ്വന്തം ദേശമേതാണ്, പരദേശമേതാണ്? ബാബ പരദേശത്തിലാണ് വരുന്നത്, അപ്പോൾ തന്റെ ദേശമേതാണ്? തന്റെ ദേശത്തെ സ്ഥാപിക്കുന്നതിനായി ബാബ തന്റെ ദേശത്തിൽ സ്വയം വരികയാണോ? (ഒന്നുരണ്ടു പേർ കേൾപ്പിച്ചു) ശരി, ഇതിനെക്കുറിച്ച് എല്ലാവരും വിചാരസാഗരമഥനം ചെയ്യൂ. ഇതെല്ലാം വളരെ നന്നായി മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്. രാവണന്റെ പരദേശത്തെക്കുറിച്ച് മനസ്സിലാക്കാൻ വളരെ എളുപ്പമാണ്. രാമരാജ്യത്തിൽ ഒരിക്കലും രാവണൻ വരുന്നില്ല. ബാബയ്ക്ക് രാവണരാജ്യത്തിലേക്കാണ് വരേണ്ടത് കാരണം രാവണരാജ്യത്തെയാണ് പരിവർത്തനപ്പെടുത്തേണ്ടത്. ഇത് സംഗമയുഗമാണ്. ബാബ സത്യയുഗത്തിലേക്കും വരുന്നില്ല, കലിയുഗത്തിലേക്കും വരുന്നില്ല. സംഗമയുഗത്തിലാണ് വരുന്നത്. ഇത് രാമന്റെയും രാവണന്റെയും ദേശമാണ്. ഒരു തീരം രാമന്റേതാണ് മറുതീരം രാവണന്റെയും. സംഗമമല്ലേ. ഇപ്പോൾ നിങ്ങൾ കുട്ടികൾ സംഗമത്തിലാണ്. അവിടെയുമല്ല ഇവിടെയുമല്ല. അതായത് കലിയുഗത്തിലുമല്ല സത്യയുഗത്തിലുമല്ല. സ്വയത്തെ സംഗമത്തിലാണെന്ന് മനസ്സിലാക്കണം. നമുക്ക് കലിയുഗവുമായി യാതൊരു ബന്ധവുമില്ല. പക്ഷേ ഇവിടെതന്നെ വേണം വസിക്കാൻ. എന്നാൽ ബുദ്ധികൊണ്ട് ഈ പഴയലോകം നശിക്കുകയാണെന്ന് അറിയാം. ആത്മാവ് പറയുന്നു ഞാൻ ഇപ്പോൾ സംഗമത്തിലാണ്. ബാബ വന്നിരിക്കുകയാണ്, ബാബയെ തോണിക്കാരനെന്നും പറയുന്നു. ഇപ്പോൾ നമ്മൾ ഈ തോണിയിൽ പൊയ്ക്കൊണ്ടിരിക്കുകയാണ്. എങ്ങനെ? യോഗബലത്തിലൂടെ. യോഗത്തിനുവേണ്ടി തന്നെയാണ് ഈ ജ്ഞാനവും. യോഗത്തെക്കുറിച്ച് മനസ്സിലാക്കി തന്നിട്ടുണ്ട് സ്വയം ആത്മാവെന്നു മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. ഇതും ജ്ഞാനം തന്നെയല്ലേ. ജ്ഞാനം അർത്ഥം അറിവ്. ബാബ നിർദ്ദേശം നൽകാനായി വന്നിരിക്കുകയാണ്. പറയുന്നു സ്വയം ആത്മാവെന്നു മനസ്സിലാക്കൂ. ആത്മാവ് തന്നെയാണ് 84 ജന്മങ്ങൾ എടുക്കുന്നത്. ബാബ കുട്ടികൾക്കാണ് ഇത്ര വിശദമായാണ് മനസ്സിലാക്കിത്തരുന്നത്. ഇപ്പോൾ ഈ രാവണരാജ്യം നശിക്കാനുളളതാണ്. ഇവിടെ കർമ്മബന്ധനമാണ്, എന്നാൽ സത്യയുഗത്തിൽ കർമ്മസംബന്ധമാണ്. ബന്ധനം അർത്ഥം ദുഃഖത്തിന്റെ പേരാണ്. സംബന്ധം സുഖത്തിന്റെ പേരും. ഇപ്പോൾ കർമ്മബന്ധനത്തെ ഉപേക്ഷിക്കണം. ബുദ്ധിയിലുണ്ടായിരിക്കണം നമ്മളിപ്പോൾ ബ്രാഹ്മണസംബന്ധത്തിലാണ്, പിന്നീട് ദൈവീക സംബന്ധത്തിലേക്ക് വരണം. ഈയൊരു ജന്മം മാത്രമേ ബ്രാഹ്മണ സംബന്ധത്തിലുള്ളൂ. പിന്നീട് 8 ഉം12 ഉം ജന്മങ്ങൾ ദൈവീക സംബന്ധത്തിലായിരിക്കും. ഈ ജ്ഞാനം ബുദ്ധിയിലുളളതുകൊണ്ട് കലിയുഗി മോശമായ കർമ്മബന്ധനത്തിനോട് വെറുപ്പാണ്. ഈ ലോകത്തിലെ കർമ്മബന്ധനത്തിൽ ഇനി ഇരിക്കേണ്ടതായ ആവശ്യമില്ല. ബുദ്ധിയിലുണ്ട് ഇതെല്ലാം തന്നെ ആസുരീയ കർമ്മബന്ധനമാണ്. നമ്മളും ഗുപ്തമായ ഒരു യാത്രയിലാണ്. ബാബയാണ് ഈ യാത്ര പഠിപ്പിച്ചു തന്നത്, പിന്നീട് നമ്മൾ ഈ കർമ്മബന്ധനത്തിൽ നിന്നും വേറിട്ട് കർമ്മാതീതമായിത്തീരും. ഇപ്പോൾ ഈ കർമ്മബന്ധനം മുറിയണം. നമുക്ക് ബാബയെ ഓർമ്മിച്ച് പവിത്രമായി മാറി ചക്രത്തെ മനസ്സിലാക്കി ചക്രവർത്തി രാജാവായിത്തീരണം. പഠിക്കുന്നുണ്ട് എന്നാൽ അതിന്റെ ലക്ഷ്യം അഥവാ പ്രാപ്തിയും ആവശ്യമല്ലേ. നിങ്ങൾക്കറിയാം നമ്മെ പഠിപ്പിക്കുന്നത് പരിധിയില്ലാത്ത അച്ഛനാണ്. പരിധിയില്ലാത്ത അച്ഛൻ നമ്മെ 5000 വർഷങ്ങൾക്ക് മുമ്പ് പഠിപ്പിച്ചിരുന്നു. ഇത് ഡ്രാമയല്ലേ. ആരെയാണോ കല്പം മുമ്പ് പഠിപ്പിച്ചിരുന്നത് അവരെ തന്നെയാണ് പഠിപ്പിക്കുക. ഇനിയും ധാരാളം പേർ ഇങ്ങോട്ട് വന്നുകൊണ്ടിരിക്കും വൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കും.

തീർച്ചയായും എല്ലാവരും സത്യയുഗത്തിലേക്ക് വരില്ലല്ലോ. ബാക്കി എല്ലാവരും തിരികെ വീട്ടിലേക്ക് പോകുന്നു. ഈ കര നരകമാണ്, മറുകര സ്വർഗ്ഗവും. ലൗകിക പഠിപ്പിൽ മനസ്സിലാക്കാൻ സാധിക്കും നമ്മൾ ഇവിടെ പഠിച്ച് ഇവിടെത്തന്നെ പ്രാപ്തിയും നേടുന്നു. ഇവിടെ നമ്മൾ സംഗമയുഗത്തിൽ പഠിക്കുന്നു, ഇതിന്റെ പ്രാപ്തി നമുക്ക് പുതിയലോകത്തിൽ ലഭിക്കുന്നു. ഇത് പുതിയ കാര്യമാണ്. ഇപ്പോൾ പഠിച്ചാൽ അടുത്ത ജന്മം പ്രാപ്തി ലഭിക്കുമെന്ന് ലോകത്തിൽ ആരുംതന്നെ പറയില്ല. ഈ ജന്മത്തിൽ തന്നെ അനേക ജന്മത്തിലെ പ്രാപ്തികൾ നേടണം – ഇത് സംഗമയുഗത്തിൽ മാത്രം ഉണ്ടാകുന്ന കാര്യമാണ്. ബാബയും സംഗമത്തിൽ തന്നെയാണ് വരുന്നത്. നിങ്ങൾ പുരുഷോത്തമനാകുന്നതിനായാണ് പഠിക്കുന്നത്. പുതിയ ലോകം അമരപുരിയിലേക്കു വേണ്ടി ഭഗവാൻ ജ്ഞാനസാഗരൻ ഒരേയൊരു തവണയാണ് പഠിക്കുന്നത്. ഇത് കലിയുഗമാണ്, മൃത്യുലോകമാണ്. നമ്മൾ സത്യയുഗത്തിലേക്കാണ് പഠിക്കുന്നത്. നരകവാസിയിൽ നിന്നും സ്വർഗ്ഗവാസിയാകുന്നതിനായി. ഇത് പരദേശമാണ്, സത്യയുഗം നമ്മുടെ ദേശമാണ്. തന്റെ ദേശത്തിൽ നമുക്ക് ബാബയെ ഓർമ്മിക്കുന്നതിന്റെ ആവശ്യമില്ല. ആ ദേശം കുട്ടികൾക്കുമാത്രമുളളതാണ്, അവിടെ രാവണന് വരേണ്ടതായ ആവശ്യമില്ല. അവിടെ രാവണൻ അപ്രത്യക്ഷമാകുന്നു. പിന്നീട് ദ്വാപരയുഗത്തിലാണ് രാവണൻ പ്രത്യക്ഷപ്പെടുക. അപ്പോൾ ബാബയും അപ്രത്യക്ഷമാകും. സത്യയുഗത്തിൽ ആർക്കും തന്നെ ബാബയെ അറിയില്ല, പിന്നെന്തിനാണ് ഓർമ്മിക്കുന്നത്. സുഖത്തിന്റെ പ്രാപ്തി പൂർത്തിയാകുമ്പോൾ രാവണരാജ്യം ആരംഭിക്കുന്നു. ഇതിനെയാണ് പരദേശം എന്നു പറയുന്നത്.

ഇപ്പോൾ നമ്മൾ സംഗമത്തിലാണെന്ന് മനസ്സിലാക്കി. നമുക്ക് വഴി കാണിച്ചു തരുന്ന അച്ഛനെ ലഭിച്ചു. ബാക്കി എല്ലാവരും ബുദ്ധിമുട്ടനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ആരാണോ വളരെയധികം ക്ഷീണിച്ചിരിക്കുന്നത്, ആരാണോ കല്പം മുമ്പ് വഴി നേടിയത് അവർ വരിക തന്നെ ചെയ്യും. നിങ്ങൾ വഴികാട്ടികൾ എല്ലാവർക്കും വഴി കാണിച്ചുകൊടുക്കുന്നു. ഇത് ആത്മീയ യാത്രയുടെ വഴിയാണ്. ഈ വഴിയിലൂടെ നേരെ സുഖധാമത്തിലേക്ക് പോകുന്നു. നിങ്ങൾ വഴികാട്ടികൾ പാണ്ഡവ സമ്പ്രദായത്തിലുളളരാണ്. വാസ്തവത്തിൽ പാണ്ഡവ രാജ്യമെന്ന് പറയില്ല. പാണ്ഡവരുടെയും കൗരവരുടെയും രാജ്യമില്ല. രണ്ടുകൂട്ടർക്കും കിരീടമില്ല. ഭക്തിമാർഗ്ഗത്തിൽ രണ്ടു കൂട്ടർക്കും കിരീടം കാണിച്ചിട്ടുണ്ട്. അഥവാ കാണിച്ചിട്ടുണ്ടെങ്കിൽ പോലും കൗരവർക്ക് പ്രകാശത്തിന്റെ കിരീടം നൽകുവാൻ സാധിക്കില്ല. പാണ്ഡവർക്കും പ്രകാശകിരീടം നൽകുവാൻ സാധിക്കില്ല കാരണം പുരുഷാർത്ഥിയാണ്. മുന്നോട്ടു പോകവേ വീണു പോകുന്നു, അപ്പോൾ ആർക്ക് നൽകും, അതുകൊണ്ടാണ് ഈ അടയാളങ്ങളെല്ലാം തന്നെ വിഷ്ണുവിന് നൽകിയത് കാരണം അവർ പവിത്രമാണ്. സത്യയുഗത്തിൽ എല്ലാവരും പവിത്രവും സമ്പൂർണ്ണ നിർവ്വികാരികളുമായിരിക്കും. പ്രകാശത്തിന്റെ കിരീടം പവിത്രതയുടേതാണ്. ഈ സമയത്ത് ആരെയും പവിത്രമെന്ന് പറയാൻ സാധിക്കില്ല. സന്യാസിമാർ ഞങ്ങൾ പവിത്രമാണെന്ന് പറയുന്നുണ്ട്. പക്ഷേ ലോകം പവിത്രമല്ലല്ലോ. വീണ്ടും വികാരി ലോകത്തിൽ തന്നെ ജന്മെടുക്കുന്നു. ഇത് രാവണന്റെ പതിതപുരിയാണ്. സത്യയുഗി പുതിയ ലോകത്തെയാണ് പാവന രാജ്യമെന്ന് പറയുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികളെ തോട്ടക്കാരനായ ബാബ മുളളിൽ നിന്നും പുഷ്പ സമാനമാക്കി മാറ്റുന്നു. ബാബ പതിതപാവനനാണ്, തോണിക്കാരനാണ്, തോട്ടക്കാരനാണ്. ഈ മുൾക്കാടിൽ തോട്ടക്കാരൻ വന്നിരിക്കുകയാണ്. നിങ്ങളുടെ കമാന്റർ ഒരേയൊരു ബാബയാണ്. യാദവരുടെ കമാന്റർ ചീഫ് എന്ന് ശങ്കരനെ പറയാൻ സാധിക്കുമോ? വാസ്തവത്തിൽ ശങ്കരൻ വിനാശം ചെയ്യിപ്പിക്കുന്നില്ല. ഡ്രാമ അനുസരിച്ച് സമയമാകുമ്പോൾ വിനാശം സംഭവിക്കുന്നു. ശങ്കരന്റെ പ്രേരണാർത്ഥമാണ് മിസൈലുകൾ ഉണ്ടാക്കുന്നതെന്ന് പറയാറുണ്ട്. ഇതെല്ലാം തന്നെ കെട്ടു കഥകളാണ്. എന്തായാലും പഴയ ലോകം നശിക്കുക തന്നെ വേണം. കെട്ടിടം പഴയതായിക്കഴിഞ്ഞാൽ തകർന്ന് വീഴാറുണ്ട്. മനുഷ്യർ മരിച്ചുപോകുന്നു. ഈ പഴയലോകവും നശിക്കാനുളളതാണ്. എല്ലാം തന്നെ തകർന്ന് മരിക്കും, ചിലർ മുങ്ങി മരിക്കും, ചിലർ ഷോക്കേറ്റ് മരിക്കും. ബോംബുകളുടെ വിഷവാതകവും മരണത്തിനു കാരണമാകുന്നു. ഇപ്പോൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് വിനാശം സംഭവിക്കുക തന്നെ വേണം. നമ്മൾ അക്കരയിലേക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്. കലിയുഗം പൂർത്തിയായി തീർച്ചയായും സത്യയുഗിസ്ഥാപനയുണ്ടാകുന്നു. പിന്നീട് അരക്കല്പം യുദ്ധമേ ഉണ്ടാകില്ല.

ഇപ്പോൾ ബാബ പുരുഷാർത്ഥം ചെയ്യിക്കാനാണ് വന്നിരിക്കുന്നത്, ഇത് അവസാനത്തെ അവസരമാണ്. ഇനി വൈകിച്ചാൽ പെട്ടെന്നു തന്നെ മരിച്ചു പോകും. മരണം തൊട്ടു മുന്നിലാണ്. പെട്ടെന്നാണ് മനുഷ്യന്റെ മരണം സംഭവിക്കുന്നത്. മരിക്കുന്നതിനു മുമ്പായി ഓർമ്മയുടെ യാത്രയിലിരിക്കൂ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വീട്ടിലേക്ക് പോകണം, അതുകൊണ്ട് ബാബ പറയുന്നു–കുട്ടികളേ, വീടിനെ ഓർമ്മിക്കൂ, ഇതിലൂടെ അന്തിമ സങ്കൽപം പോലെ ഗതിയായിത്തീരും, വീട്ടിലേക്ക് പോകും. എന്നാൽ വീടിനെ മാത്രം ഓർമ്മിച്ചു കൊണ്ടിരുന്നാൽ പാപം നശിക്കില്ല. ബാബയെ ഓർമ്മിച്ചാലേ പാപം നശിക്കൂ, തന്റെ വീട്ടിലേക്ക് പോകൂ. അതുകൊണ്ട് ബാബയെ ഓർമ്മിക്കണം. തന്റെ ചാർട്ട് വെക്കുകയാണെങ്കിൽ അറിയാൻ സാധിക്കും മുഴുവൻ ദിവസവും ഞാൻ എന്തെല്ലാം ചെയ്തു? 5–6 വയസ്സ് മുതൽക്ക് എന്റെ ജീവിതത്തിൽ ഞാൻ

എന്തെല്ലാം ചെയ്തു...... അതെല്ലാം ഓർമ്മയുണ്ടാകുമല്ലോ. അല്ലാതെ ഇതു മുഴുവനും ഇരുന്ന് എഴുതാനല്ല ബാബ പറയുന്നത്. ഓർമ്മയുണ്ടാകുമല്ലോ പൂന്തോട്ടത്തിലിരുന്നപ്പോൾ ഞാൻ ബാബയെ ഓർമ്മിച്ചു, കടയിൽ ഉപഭോക്താവ് വരാത്ത സമയത്ത് ഓർമ്മിക്കാൻ കഴിഞ്ഞു.... ഉള്ളിൽ കുറിച്ചു വെച്ചിരിക്കുമല്ലോ. അഥവാ ഇതെല്ലാം എഴുതാൻ ആഗ്രഹിക്കുന്നു എങ്കിൽ ഡയറി കരുതേണ്ടതായി വരും. മുഖ്യമായ കാര്യം തന്നെ ഇതാണ്. നമ്മൾ എങ്ങനെ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറും! എങ്ങനെ പവിത്ര ലോകത്തിലെ അധികാരിയായിത്തീരും! എങ്ങനെ പതിതത്തിൽ നിന്നും പാവനമായിത്തീരും! ബാബ വന്ന് ഇതിനുള്ള ജ്ഞാനമാണ് നൽകുന്നത്. ബാബ തന്നെയാണ് ജ്ഞാനസാഗരൻ. നിങ്ങളിപ്പോൾ പറയുന്നു- ബാബാ ഞങ്ങൾ അങ്ങയുടേതാണ്. സദാ അങ്ങയുടെ മാത്രമാണ്, കേവലം ദേഹാഭിമാനത്തിലേക്ക് വന്ന് മറന്നു പോയി. ഇപ്പോൾ അങ്ങ് പറഞ്ഞപ്പോഴാണ് ദേഹിഅഭിമാനിയായി മാറുന്നത്. സത്യയുഗത്തിൽ നമ്മൾ ദേഹിഅഭിമാനികളായിരുന്നു. സന്തോഷത്തോടെ ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കും. നിങ്ങൾ കുട്ടികൾക്ക് ഇതെല്ലാം തന്നെ ധാരണ ചെയ്ത് മനസ്സിലാക്കി കൊടുക്കാൻ യോഗ്യരായി മാറണം. അപ്പോൾ വളരെയധികം പേരുടെ മംഗളമുണ്ടാകുന്നു. ബാബയ്ക്കറിയാം ഡ്രാമാ അനുസരിച്ച് നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് സേവാധാരിയായി മാറുന്നു. ശരി, ചിലർക്ക് വൃക്ഷത്തെക്കുറിച്ച് മനസ്സിലാകുന്നില്ലെങ്കിൽ, ഇത് മനസ്സിലാക്കി കൊടുക്കാമല്ലോ- നിങ്ങൾ സ്വയം ആത്മാവെന്നുവെന്നു മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. ഇത് വളരെയധികം സഹജമാണ്. ബാബ തന്നെയാണ് ഇത് പറയുന്നത്, എന്നെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം നശിക്കും. നിങ്ങൾ ബ്രാഹ്മണർക്കല്ലാതെ ഇത് മറ്റാർക്കും തന്നെ പറയാൻ സാധിക്കില്ല. മറ്റാർക്കും തന്നെ ആത്മാവിനെക്കുറിച്ചും പരമാത്മാവിനെക്കുറിച്ചും അറിയില്ല. വെറുതെ അങ്ങനെ മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുകയാണെങ്കിൽ ആർക്കും അമ്പ് പോലെ തറക്കില്ല. ഭഗവാന്റെ രൂപത്തെക്കുറിച്ച് അറിയണം. ബാക്കിയെല്ലാവരും നാടകത്തിലെ അഭിനേതാക്കളാണ്. ഓരോ ആത്മാക്കളും ശരീരത്തോടൊപ്പം അഭിനയിച്ചുകൊണ്ടിരിക്കുന്നു. ഒരു ശരീരം ഉപേക്ഷിച്ച് പിന്നീട് വേറൊന്ന് എടുത്ത് പാർട്ട് അഭിനയിക്കുന്നു. ആ അഭിനേതാക്കൾ ഭിന്ന-ഭിന്ന വസ്ത്രങ്ങൾ ധാരണ ചെയ്ത് പാർട്ട് അഭിനയിക്കുന്നു. നിങ്ങൾ ശരീരമാകുന്ന വസ്ത്രത്തെ മാറ്റുന്നു. അവർ അല്പകാലത്തേക്ക് സ്ത്രീ-പുരുഷന്റെ വസ്ത്രങ്ങൾ ധരിക്കുന്നു. ഇവിടെയാണെങ്കിൽ പുരുഷന്റെ വസ്ത്രം ധരിച്ചു കഴിഞ്ഞാൽ മുഴുവൻ ആയുസ്സും പുരുഷൻ തന്നെയായിരിക്കും. അത് പരിധിയുള്ള നാടകമാണ്, ഇത് പരിധിയില്ലാത്തതും. ഏറ്റവുമാദ്യത്തെ മുഖ്യമായ കാര്യം ബാബ പറയുന്നത് എന്നെ തന്നെ ഓർമ്മിക്കൂ. യോഗം എന്ന അക്ഷരം ഉപയോഗിക്കാതിരിക്കൂ കാരണം ലോകത്തിൽ അനേക പ്രകാരത്തിലുള്ള യോഗങ്ങൾ പഠിപ്പിക്കുന്നുണ്ട്. പക്ഷേ അതെല്ലാം തന്നെ ഭക്തിമാർഗ്ഗത്തിലുള്ളതാണ്. ഇപ്പോൾ ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ വീടിനെ ഓർമ്മിക്കൂ എന്നാൽ നിങ്ങൾ വീട്ടിലേക്ക് പോകുന്നു. ശിവബാബ ഇതിൽ വന്ന് നിങ്ങളെ പഠിപ്പിക്കുകയാണ്. ബാബയെ ഓർമ്മിച്ച്-ഓർമ്മിച്ച് നിങ്ങൾ പാവനമായിത്തീരുന്നു പിന്നീട് പവിത്ര ആത്മാവാണ് പറന്നു പോവുക. എത്രത്തോളം ഓർമ്മിക്കുന്നുവോ സേവനം ചെയ്യുന്നുവോ അത്രത്തോളം ഉയർന്ന പദവി നേടുന്നു. ഓർമ്മയിൽ തന്നെയാണ് വിഘ്നങ്ങളും ഉണ്ടാകുന്നത്. ഓർമ്മിച്ച് പാവനമായില്ലെങ്കിൽ പിന്നെ ധർമ്മരാജപുരിയിൽ ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. അഭിമാനവും പോകുന്നു, പദവിയും ഭ്രഷ്ടമായിത്തീരുന്നു. അവസാനസമയത്ത് എല്ലാത്തിന്റെയും സാക്ഷാത്കാര മുണ്ടാകുന്നു. പക്ഷേ ആ സമയത്ത് ഒന്നും തന്നെ ചെയ്യാൻ സാധിക്കില്ല. നിനക്ക് ഇത്രയും മനസ്സിലാക്കി തന്നു എന്നിട്ടും പാപം ചെയ്തു, ഓർമ്മിച്ചില്ലല്ലോ ശിക്ഷകൾ അനുഭവിച്ചോളൂ, എന്ന് സാക്ഷാത്കാരം ലഭിക്കുന്നു. ആ സമയം പഠിക്കാനുള്ള സമയവുമുണ്ടാകില്ല. ഞാൻ എന്തൊക്കെ ചെയ്തു എന്ന് പശ്ചാത്തപിക്കുന്നു. വെറുതെ സമയത്തെ നഷ്ടപ്പെടുത്തി. പക്ഷേ തീർച്ചയായും ശിക്ഷകൾ അനുഭവിച്ചേ മതിയാകൂ. ആ സമയത്ത് ഒന്നും തന്നെ ചെയ്യാൻ സാധിക്കില്ലല്ലോ. തോറ്റാൽ തോറ്റത് തന്നെ. പിന്നീട് പഠിപ്പിന്റെ കാര്യം വരുന്നില്ല. മറ്റുള്ള പഠിപ്പിൽ തോറ്റുപോയാലും വീണ്ടും പഠിക്കാം. ഇവിടെയാണെങ്കിൽ പഠിപ്പ് പൂർത്തിയാകുന്നു. അന്തിമ സമയത്ത് പശ്ചാത്തപിക്കാതിരിക്കാനാണ് ബാബ നിർദ്ദേശം നൽകുന്നത്- കുട്ടികളേ നല്ല രീതിയിൽ പഠിക്കൂ. വ്യർത്ഥമായ സംഭാഷണങ്ങളിൽ തന്റെ സമയത്തെ നഷ്ടപ്പെടുത്തരുത്. ഇല്ലെങ്കിൽ പശ്ചാത്തപിക്കേണ്ടി വരും. മായ വളരെയധികം തലകീഴായ കർമ്മങ്ങൾ ചെയ്യിക്കും. ഒരിക്കലും മോഷ്ടിച്ചിട്ടുണ്ടാവില്ല പക്ഷേ അതുപോലും ചെയ്യിക്കുന്നു. മായ ഞങ്ങളെ ചതിച്ചു എന്ന് പിന്നീടാണ് സ്മൃതി ഉണരുക. ആദ്യം തന്നെ മനസ്സിൽ ചിന്ത വരുന്നു ഇന്ന വസ്തു എടുക്കണം. ശരിയാണോ തെറ്റാണോ എന്ന് മനസ്സിലാക്കാനുള്ള ബുദ്ധി ലഭിച്ചിട്ടുണ്ടല്ലോ, ഇന്ന വസ്തു മോഷ്ടിക്കുകയാണെങ്കിൽ തെറ്റാണ്, എടുത്തില്ലെങ്കിൽ ശരിയാണെന്ന്. ഇനി എന്ത് ചെയ്യണം? പവിത്രമായിരിക്കുന്നത് നല്ലതല്ലേ. കൂട്ടുകെട്ടിലേക്ക് വന്ന് ഈ കാര്യത്തിൽ അയവ് സംഭവിക്കരുത്. നമ്മൾ സഹോദരി-സഹോദരനാണെങ്കിൽ പിന്നെന്തിന് നാമ-രൂപത്തിൽ കുടുങ്ങണം. ഒരിക്കലും ദേഹാഭിമാനത്തിലേക്ക് വരരുത്. എന്നാൽ മായ വളരെയധികം ശക്തിശാലിയാണ്. മായ തെറ്റായ കർമ്മം ചെയ്യിക്കാനുള്ള സങ്കല്പത്തെ കൊണ്ടു വരുന്നു. ബാബ പറയുന്നു നിങ്ങൾ തെറ്റായ കർമ്മങ്ങൾ ചെയ്യരുത്. യുദ്ധം നടന്നുകൊണ്ടിരിക്കുന്നതിനാൽ വീഴ്ച പറ്റുന്നു, പിന്നീട്

ശരിയായ ബുദ്ധി ലഭിക്കില്ല. നമുക്ക് എപ്പോഴും ശരിയായ കർമ്മം ചെയ്യണം. അന്ധന്മാരുടെ ഊന്നുവടിയാകണം. നല്ലതിലും നല്ല ജോലി ഇതാണ്. ബാക്കി ശരീര നിർവ്വഹണത്തിന് സമയമുണ്ടല്ലോ. രാത്രിയിൽ ഉറങ്ങുകയും വേണം. ആത്മാവ് ക്ഷീണിക്കുകയാണെങ്കിൽ ഉറങ്ങിപ്പോകുന്നു. അപ്പോൾ ശരീരവും ഉറങ്ങുന്നു. അതുകൊണ്ട് ശരീര നിർവ്വഹണത്തിനായി, വിശ്രമത്തിനായി സമയമുണ്ട്. ബാക്കി സമയം എന്റെ സേവനത്തിനായി ഉപയോഗിക്കൂ. ഓർമ്മയുടെ ചാർട്ട് വെക്കണം. എഴുതുന്നുണ്ടെങ്കിലും മുന്നോട്ടു പോകവേ തോറ്റു പോകുന്നു. ബാബയെ ഓർമ്മിക്കുന്നില്ലെങ്കിൽ സേവനം ചെയ്യുന്നില്ലെങ്കിൽ തെറ്റായ കർമ്മങ്ങൾ സംഭവിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) വ്യർത്ഥമായ സംഭാഷണത്തിൽ തന്റെ സമയം നഷ്ടപ്പെടുത്തരുത്.മായ തലകീഴായ ഏതൊരു കർമ്മവും ചെയ്യിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കണം. സംഗദോഷത്തിൽ പെട്ട് ഒരിക്കലും അയവുവരരുത്. ദേഹാഭിമാനത്തിലേക്ക് വന്ന് ആരുടേയും പേരിലും രൂപത്തിലും കുങ്ങി പോകരുത്.

2) വീടിനെ ഓർമ്മിക്കുന്നതിനോടൊപ്പം തന്നെ ബാബയെയും ഓർമ്മിക്കണം. ഓർമ്മയുടെ ചാർട്ടിന്റെ ഡയറി ഉണ്ടാക്കണം. നമ്മൾ മുഴുവനും ദിവസത്തിൽ എന്തെല്ലാം ചെയ്തു എന്ന് കുറിച്ച് വെക്കണം. എത്ര സമയം ബാബയുടെ ഓർമ്മയിൽ ഇരുന്നു?

## വരദാനം:- വിനയത്തിന്റെ കവചത്തിലൂടെ വ്യർത്ഥത്തിന്റ രാവണനെ കത്തിക്കുന്ന സത്യമായ സ്നേഹീ, സഹയോഗിയായി ഭവിക്കൂ

ആര് എത്ര തന്നെ താങ്കളുടെ സംഘടനയിൽ കുറവുകൾ കണ്ടെത്താൻ പരിശ്രമിച്ചാലും അൽപം പോലും സ്വഭാവ സംസ്ക്കാരത്തിന്റെ ഏറ്റുമുട്ടൽ കാണപ്പെടരുത്. അഥവാ ആരെങ്കിലും ചീത്ത വിളിച്ചാലും, അപമാനിച്ചാലും, താങ്കൾ മഹാനാകൂ. അഥവാ ആരെങ്കിലും തെറ്റ് ചെയ്യുകയാണെങ്കിൽ താങ്കൾ ശരിയായിരിക്കൂ. ആരെങ്കിലും ഏറ്റുമുട്ടുകയാണെങ്കിലും താങ്കൾ അവർക്ക് സ്നേഹത്തിന്റെ ജലം നൽകൂ. ഇതെന്തുകൊണ്ട്, ഇങ്ങനെ എന്തുകൊണ്ട് ഈ സങ്കൽപം ചെയ്ത് അഗ്നിയിൽ എണ്ണ ഒഴിക്കരുത്. വിനയത്തിന്റെ കവചമണിഞ്ഞിരിക്കൂ. എവിടെ വിനയമുണ്ടോ അവിടെ സ്നേഹവും സഹയോഗവും അവശ്യമുണ്ടായിരിക്കും.

## സ്ലോഗൻ:- എന്റേതെന്ന അനേകം പരിധിയുള്ള ഭാവനകളെ ഒരു “എന്റെ ബാബ” യിൽ ലയിപ്പിക്കൂ

**അവ്യക്ത സൂചന - ആത്മീയ രാജകീയതയുടേയും പവിത്രതയുടേയും വ്യക്തിത്വം ധാരണ ചെയ്യൂ.**

ആത്മീയ രാജകീയതയുടെ അടിത്തറ സമ്പൂർണ്ണ പവിത്രതയാണ്. അതുകൊണ്ട് സ്വയം തന്നോട് ചോദിക്കൂ ആത്മീയ രാജകീയതയുടെ തിളക്കവും പ്രകാശവും താങ്കളുടെ രൂപത്തിലൂടെ അഥവാ സ്വഭാവത്തിലൂടെ എല്ലാവർക്കും അനുഭവപ്പെടുന്നുണ്ടോ? ജ്ഞാനത്തിന്റെ കണ്ണാടിയിൽ സ്വയത്തെ നോക്കൂ എന്റെ മുഖത്തിൽ, സ്വഭാവത്തിൽ ആ ആത്മീയ രാജകീയത കാണപ്പെടുന്നുണ്ടോ അതോ സാധാരണ സ്വഭാവവും മുഖവുമാണോ കാണപ്പെടുന്നത്?